## മാർ ജോർജ് പുന്നക്കോട്ടിലിനെ ആദരിച്ചു

കൊച്ചി: മൂന്നര പതിറ്റാണ്ടോളം കേരളസഭയിൽ ബൈബിൾ പ്രേഷിതശുശ്രൂഷയ്ക്കു നേതൃത്വം നൽകിയ ബിഷപ് മാർ ജോർജ് പുന്നക്കോട്ടിലിനു സഭയുടെ ആദരം. കെസിബിസി ബൈബിൾ കമ്മീഷൻ ചെയർമാൻ സ്ഥാനത്തു വിരമിച്ച മാർ പുന്നക്കോട്ടിലിനെ സഭ ആസ്ഥാനമായ പിഒസിയിൽ നടന്ന ചടങ്ങിലാണ് ആദരിച്ചത്.

'ദീയെസ് ഗ്രാസിയേ' (കൃതജ്ഞതാദിനം) എന്ന പേരിൽ കെസിബിസി ബൈബിൾ കമ്മീഷനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. ആദരിക്കൽ ചടങ്ങ് ആർച്ച്ബിഷപ് ഡോ. എം.സൂസപാക്യം ഉദ്ഘാടനം ചെയ്തു. ബൈബിളിലും സഭാചരിത്രത്തിലും ആഴത്തിലുള്ള അറിവ് ആർജിച്ചതിനൊപ്പം അതു ഹൃദ്യമായി പങ്കുവയ്ക്കുന്നതിലും മാർ പുന്നക്കോട്ടിൽ മഹത്തായ സംഭാവനയാണു കേരളസഭയ്ക്കു നൽകിയിട്ടുള്ളതെന്നു ആർച്ച്ബിഷപ് ഡോ. സൂസപാക്യം പറഞ്ഞു. വ്യക്തിയെ പ്രകാശത്താൽ നിറയ്ക്കുന്ന അറിവിനേക്കാൾ വ്യക്തിയെ പ്രകാശം തന്നെയാക്കുന്ന ജ്ഞാനം ആഴത്തിൽ സ്വന്തമാക്കിയ ഇടയനാണ് അദ്ദേഹം. അറിവുകളെ പ്രവൃത്തിപഥത്തിൽ സാക്ഷാത്കരിക്കാനും അദ്ദേഹത്തിനായി. മലയാളത്തിൽ സമ്പൂർണബൈബിൾ പ്രസിദ്ധീകരിച്ചതുൾപ്പടെ കേരളസഭയുടെ ബൈബിൾ പ്രേഷിതശുശ്രൂഷയിൽ മഹത്തായ നേട്ടങ്ങൾക്കു കാരണക്കാരനാണ് മാർ പുന്നക്കോട്ടിൽ. കേരളസഭയെ സുവിശേഷദീപ്തിയിൽ പ്രബുദ്ധമാക്കാനും പ്രകാശപൂരിതമാക്കാനും സാധിച്ച അദ്ദേഹത്തിന്റെ സേവനങ്ങൾ എക്കാലത്തും വലിയ മുതൽക്കൂട്ടാണെന്നും ആർച്ച്ബിഷപ് പറഞ്ഞു.

വിശുദ്ധ ജെറോമിന്റെ ശില്പം ആർച്ച്ബിഷപ് ഡോ. സൂസപാക്യം ബിഷപ് മാർ പുന്നക്കോട്ടിലിനു സമ്മാനിച്ചു. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി റവ.ഡോ. സ്റ്റീഫൻ ആലത്തറ ഉപഹാരം കൈമാറി. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ.ഡോ. ജോഷി മയ്യാറ്റിൽ, ബൈബിൾ സൊസൈറ്റി വെസ് ചെയർമാൻ ആന്റണി പാലിമറ്റം, മുൻ വൈസ് ചെയർമാൻ പി.വി. അഗസ്റ്റിൻ, സെക്രട്ടറി ജിസ്മോൻ ജോസ്, ട്രഷറർ സിസ്റ്റർ നിമ എന്നിവർ പ്രസംഗിച്ചു. ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും പ്രവർത്തനങ്ങളിലൂടെ സാധ്യമായ വചനപ്രചാരണം കേരളസഭയുടെ മുഴുവൻ നേട്ടമാണെന്നു ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ മറുപടിപ്രസംഗത്തിൽ പറഞ്ഞു.

പരിപാടിയോടനുബന്ധിച്ചു നടന്ന സെമിനാർ ആർച്ച്ബിഷപ് ഡോ. എം.സൂസപാക്യം ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ പുന്നക്കോട്ടിൽ മോഡറേറ്ററായി. ബൈബിൾ വ്യാഖ്യാനം വിവിധ കാലസന്ധികളിൽ എന്ന വിഷയത്തിൽ റവ.ഡോ. ജോസഫ് പാംബ്ലാനി, വചനവ്യാഖ്യാനം വിവിധ മത-സംസ്കാര പശ്ചാത്തലത്തിൽ എന്ന വിഷയത്തിൽ റവ.ഡോ. ജേക്കബ് പ്രസാദ് എന്നിവർ പ്രബന്ധാവതരണം നടത്തി.